# ആമുഖം

1955 ൽ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കീഴിൽ പ്രവർത്തനം ആരംഭിച്ച കാട്ടിക്കുന്ന് എൽ.പി. സ്കൂൾ, പനക്കൽ ദേവിക്ഷേത്രത്തിന്റെ അനുഗ്രഹമാർജ്ജിച്ചുകൊണ്ട് കാട്ടിക്കുന്നിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന വേമ്പനാട്ടുകായലിന്റെ തീരത്ത് തലയുയർത്തി നിൽക്കുന്ന സരസ്വതിക്ഷേത്രമാണ്. അറിവിന്റെ ഓരം ചേർന്ന് നടക്കാൻ ആഗ്രഹിച്ച ഒരു ജനതയ്ക്ക് അതിന് അവസരമൊരുക്കിയത് ഈ ഗ്രാമത്തിലെ സമ്പന്നനായിരുന്ന ഇടത്തിൽ സദാനന്ദനായ്ക്ക് എന്ന മഹത് വ്യക്തിയാണ്, തിരക്കേറിയ - വൈക്കം പൂത്തോട്ട റോഡിന്റെ കിഴക്കുഭാഗത്തായി ഇന്ന് നാം കാണുന്ന പരിഷ്കരിച്ച പുതുക്കി പണിത സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം അദ്ദേഹം ദാനമായി നൽകിയതാണ്.

ഒരു ഗ്രാമപഞ്ചായത്തിന്റെ സ്കൂൾ എന്ന നിലയിൽ 2010 വരെ എയ്ഡഡ് സ്കൂളിന്റെ പരിഗണനയേ ലഭിച്ചിരുന്നുള്ളൂ. 2011 മുതൽ ഗ്രാമപഞ്ചായത്തു സ്കൂളുകളെ സർക്കാർ സ്കൂളായി കണക്കാക്കി SSA യുടെ പ്രോജക്ട് ഫണ്ട് നൽകി തുടങ്ങിയതു മുതലാണ് നമ്മുടെ സ്കൂളിന്

ഗ്രാന്റ് ലഭിച്ചത്. 2012-13 വർഷത്തെ കേന്ദ്ര സംസ്ഥാന സർക്കാരുകളും ചെമ്പ് ഗ്രാമപഞ്ചായത്തും ചേർന്ന് നൽകിയ ഫണ്ട് ഈ സ്കൂളിന്റെ മുഖഛായ തന്നെ മാറ്റി. ഇന്ന് ചുറ്റുപാടുമുള്ള മറ്റേതൊരു സ്കൂളിനേക്കാളും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഈ സ്കൂളിനുണ്ട്. പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ്സു വരെയുള്ള കുട്ടികൾ പഠിക്കുന്ന ഈ സ്കൂൾ കിഡ്സ് പാർക്ക് ഉൾപ്പെടെ ആധുനിക സൗകര്യങ്ങളുമായി മുന്നേറുന്നു.

## നേട്ടങ്ങൾ

2010-ൽ ഗവൺമെന്റ് സ്കൂൾ ഏറ്റെടുത്തതോടെ അടച്ചുറപ്പുള്ളതും ടൈൽ പാകിയതുമായ ക്ലാസ്റൂമുകളും ചുവർ ചിത്രങ്ങളോടുകൂടി സ്കൂൾ കെട്ടിടങ്ങളും സ്കൂളിനെ മനോഹരമാക്കി. എല്ലാ ക്ലാസ്റൂമുകളിലും ഇലക്ട്രിഫിക്കേഷൻ നടത്തി. എല്ലാ കുട്ടികൾക്കും ഒന്നിച്ചിരുന്ന് ആഹാരം കഴിക്കത്തക്ക രീതിയിൽ ടൈൽ പാകിയ ഡൈനിംഗ് ഹാളും ഗ്രാനൈറ്റിന്റെ ബെഞ്ചും ഡെസ്കും സ്കൂളിന്റെ മികച്ച നേട്ടമാണ്. സ്കൂളിന്റെ മുൻവശത്തായി മനോഹരമായ കിഡ്സ് പാർക്കും പൂന്തോട്ടവും ഉണ്ട്.

2016-17 ൽ അനുവദിച്ച മൈക്ക് സെറ്റും, ഡിസ്കും ചാരു ബെഞ്ചുകളും സ്കൂളിന്റെ നേട്ടങ്ങളാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളായി സ്കൂളിലെ പ്രവർത്തനങ്ങളിലെല്ലാം തന്നെ സഹായകമായി വർത്തിച്ചു വരുന്ന നല്ല ഒരു സ്കൂൾ വികസന സമിതി ഉണ്ട്. സ്കൂൾ വികസന സമിതിയുടെയും, PTA യുടെയും പങ്കാളിത്തത്തോടെ കുട്ടികൾക്ക് സൗജന്യ സ്കൂൾ വാഹനം ഓടിക്കാൻ കഴിയുന്നു. വർണ്ണക്കൂടാരം പദ്ധതി സ്കൂളിൽ അനുവദിച്ചിട്ടുണ്ട്. അതിന്റെ വർക്കുകൾ പുരോഗമിച്ചു വരുന്നു. ഈ അധ്യയന വർഷത്തിന്റെ അവസാനത്തോടെ വർക്കുകൾ പൂർത്തിയാകുമെന്ന് കരുതുന്നു. ഓരോ വർഷവും സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുകയാണ്. 2025-26 അധ്യയനവർഷത്തിൽ ഏകദേശം 60 ഓളം കുട്ടികൾ സ്കൂളിൽ അധ്യയനം നടത്തുന്നു

## പ്രധാന പ്രതിസന്ധികളും പരിമിതികളും

അൺ എയ്ഡഡ്

വിദ്യാലയങ്ങളുടെ ആവിർഭാവം, കലാകായിക പഠനത്തിന് അധ്യാപകർ ഇല്ലാത്തത്, കളിസ്ഥലം, അടച്ചുറപ്പുള്ള ക്ലാസ്മുറികളുടെ കുറവ്, ഓഡിറ്റോറിയം, ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം, ചുറ്റുമതിലിന്റെ അഭാവം എന്നിവ പ്രധാന പരിമിതികളാണ്.

2025-26 അധ്യയന വർഷം വിദ്യാലയത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

- IT അധിഷ്ഠിത പഠനം
- ലൈബ്രറി ശാക്തീകരണം
- ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുക
- കലാ കായിക പ്രവൃത്തി പരിചയം
- ക്ലബ് പ്രവർത്തനങ്ങൾ
- സ്കോളർഷിപ്പ് പരീക്ഷകൾ
- ദിനാചരണങ്ങൾ
- മാഗസിൻ
- പതിപ്പുകൾ
- അസംബ്ലി
- ബോധവത്കരണ ക്ലാസ്
- പ്രകൃതി നടത്തം
- പഠനയാത്ര
- പ്ലാസ്റ്റിക് രഹിത / ലഹരി മുക്ത / മാലിന്യ മുക്ത ക്യാമ്പസ്
- ഭാഷാ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഒഴിവു സമയത്ത് പ്രത്യേക പരിശീലനം നൽകാൻ കൈത്താങ്ങായി കുട്ടികളും അധ്യാപകരും

## പൊതുലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും വേണ്ട തുല്യ അവസരങ്ങൾ ഉണ്ടാകും.
* ഓരോ ക്ലാസിലും നേടേണ്ട പഠനനേട്ടങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തും.
* മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഭാഷക്കും പ്രാധാന്യം നൽകി എല്ലാ കുട്ടികളെയും നല്ല വായനക്കാരും എഴുത്തുകാരുമാക്കും.
* പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയുമാക്കാൻ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതു വഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമാക്കി മാറ്റുകയും ചെയ്യും.
* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ICT സാധ്യതകൾ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ അനുരൂപണം ചെയ്തു നൽകും.
* എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകും.
* കുട്ടികളുടെ പാഠ്യേതര കഴിവുകൾ പരിഗണിച്ച് അവർക്ക് നേട്ടങ്ങൾ

കൈവരിക്കാനുള്ള അവസരങ്ങൾ നൽകും.

* നാലാം ക്ലാസ് കഴിഞ്ഞുപോകുന്ന എല്ലാ കുട്ടികളും ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തരാകും.
* കുട്ടികളുടെ അക്കാദമികവും പാഠ്യേതര കഴിവുകളും രക്ഷിതാക്കളുമായി സമയബന്ധിതമായി പങ്കുവയ്ക്കാൻ അവസരം ഒരുക്കും.
* സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും സമൂഹ പങ്കാളിത്തം ഉറപ്പാക്കും.
* പോഷകാഹാരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കും. ഇതിന്റെ മേൽനോട്ടത്തിനായി MPTA യുടെ സഹകരണം ഉറപ്പാക്കും.

## പഠനനേട്ടങ്ങൾ കൈവരിക്കാൻ നാം ചെയ്യുന്ന പ്രവർത്തനങ്ങൾ

- ദിനാചരണങ്ങൾ
- ക്ലബ്ബുകൾ
- LSS സ്കോളർഷിപ്പ്
- ക്വിസ് പ്രോഗ്രാം
- കൈയെഴുത്തു മാസിക
- ചുവർ പത്രിക
- പതിപ്പ് തയ്യാറാക്കൽ
- ബാലസഭ
- സ്കൂൾ ആനിവേഴ്സറി
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്
- പൂന്തോട്ടം, പച്ചക്കറിത്തോട്ടം
- ഇംഗ്ലീഷ് മലയാളം അസംബ്ലികൾ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ <u>വേണ്ട പ്രവർത്തനങ്ങൾ</u>

———— x ————

* ഗണിത മധുരം
* വായനച്ചങ്ങാത്തം
* ചിത്രരചന
* അക്ഷര ചിത്രങ്ങൾ
* കളിയിലൂടെ പഠനം
* അക്ഷരങ്ങൾ എഴുതി കളർ കൊടുക്കൽ

# മലയാളം

ഭാഷ എന്നാൽ ആശയവിനിമയത്തിനുള്ള ഒരു ഉപാധിയാണ്. വാക്കുകളിലൂടെയും ശബ്ദങ്ങളിലൂടെയും ആംഗ്യങ്ങളിലൂടെയും ആശയങ്ങളും വികാരങ്ങളും പങ്കുവയ്ക്കപ്പെടുന്നു. ഭാഷ എന്നത് ഒരു സാമൂഹിക പ്രതിഭാസമാണ്. നല്ല ഒരു സംസ്കാരം രൂപപ്പെടുത്തിയെടുക്കാനും ഭാഷ സഹായിക്കുന്നു. മനുഷ്യൻ സർഗ്ഗാത്മകാവിഷ്കാരങ്ങൾ നടത്തുന്നതും കലാസൃഷ്ടികൾ ആസ്വദിക്കുന്നതും ഭാഷ പ്രയോജനപ്പെടുത്തിയാണ്. ലോകത്തെ അറിയുന്നതിനും വ്യാഖ്യാനിക്കുന്നതിനും ഭാഷ വേണം. മനുഷ്യന്റെ സർവതോന്മുഖമായ വളർച്ചയിലും വികാസത്തിലും ഭാഷ നിർണായക പങ്കാണ് വഹിക്കുന്നത്. തന്റെയും സമൂഹത്തിന്റേയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക എന്നത് ഭാഷാപഠനത്തിന്റെ ആത്യന്തിക ലക്ഷ്യമാണ്. ഈ ലക്ഷ്യം വച്ചുകൊണ്ടാണ് ഭാഷാപഠനപ്രവർത്തനങ്ങൾ നടത്തുന്നത്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ★ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പിന്തുണാപ്രവർത്തനങ്ങൾ<br>• ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ | ജൂൺ മുതൽ (ലക്ഷ്യം നേടുന്നത് വരെ) | SRG, ക്ലാസ് ടീച്ചർ, രക്ഷിതാവ് |
| ★ കുട്ടികളെ സ്വതന്ത്രവായനക്കാർ ആക്കുന്നതിന്<br>• ഭാഷ തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി കൈകാര്യം ചെയ്യുന്നതിന്. | • വായിക്കാം, വളരാം.<br>• ക്ലാസ് വായന, അമ്മവായന<br>• ക്ലാസ്/വീട് ലൈബ്രറി ഒരുക്കൽ<br>• പുസ്തകപരിചയം.<br>• വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• പുസ്തകസംവാദം.<br>• വായനാക്കാർഡ് തയ്യാറാക്കൽ<br>• പഠനക്കൂട്ടങ്ങൾ രൂപീകരിക്കൽ, പത്രവായന | വർഷം മുഴുവൻ | H.M., SRG, ക്ലാസ് ടീച്ചർ, രക്ഷിതാവ് |
| ★ വിവിധ ഭാഷാകേളികളിൽ ഏർപ്പെടുന്നതിന് | • കഥ പറയൽ<br>• കടങ്കഥാപ്പയറ്റ്<br>• കടങ്കഥ ശേഖരണം<br>• പഴഞ്ചൊല്ലുകൾ<br>• നാടൻ പാട്ടുകൾ<br>• വായ്ത്താരികൾ<br>• പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക, പഠിതാവ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്. | • ചിത്രം വര<br>• നിറം നൽകൽ<br>• നിർമ്മാണ പ്രവർത്തനങ്ങൾ<br>• റോൾ പ്ലേ<br>• തിയേറ്റർ ഗെയിം.<br>• സംഭാഷണം<br>• പാവനാടകം<br>• കഥാരചന<br>• കവിതാരചന<br>• രചനോത്സവങ്ങൾ | ജൂൺ മുതൽ [വർഷം മുഴുവൻ] | അധ്യാപിക, പഠിതാവ്, ക്ലാസ് പി.ടി.എ, S.R.G. |
| * ആശയങ്ങൾ തെറ്റുകൂടാതെ എഴുതുന്നതിന്<br>* കുട്ടികളെ സ്വതന്ത്ര രചനാക്കാരാക്കുന്നു | • അക്ഷരക്കേളി<br>• പദക്കേളി<br>• പദസൂര്യൻ<br>• സംയുക്ത ഡയറി<br>• സംഭാഷണ രചന<br>• കുറിപ്പ് തയ്യാറാക്കൽ<br>• പോസ്റ്റർ നിർമ്മാണം<br>• പാട്ടുകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ | ജൂൺ മുതൽ<br>ജൂലൈ മുതൽ<br>ജൂൺ മുതൽ | അധ്യാപിക, പഠിതാവ്, രക്ഷിതാവ്, S.R.G. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | • കത്തെഴുതൽ<br>• കഥ പൂർത്തിയാക്കൽ<br>• ചിത്രത്തിൽ നിന്നും കഥ ഉണ്ടാക്കി എഴുതൽ<br>• പാചകക്കുറിപ്പ് തയ്യാറാക്കൽ<br>• ആസ്വാദനക്കുറിപ്പ്<br>• വർണ്ണന<br>• രചനോത്സവം<br>• വിവരണം | ആവശ്യാനുസരണം [പാഠഭാഗവുമായി ബന്ധപ്പെട്ട്] | |
| • സാഹിത്യകാരന്മാരെ പരിചയപ്പെടുന്നതിന് | • അഭിമുഖം<br>• പുസ്തക പരിചയം<br>• സാഹിത്യകാരന്മാർ (ICT)<br>• ഡോക്യുമെന്ററി പ്രദർശനം<br>• ദിനാചരണങ്ങൾ<br>• ചിത്രഗാലറി<br>• ക്വിസ്<br>• ജീവിതരേഖ തയ്യാറാക്കൽ<br>• പതിപ്പ് നിർമ്മാണം, പ്രദർശനം | ജൂൺ മുതൽ ജനുവരി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • വിവിധ കലാരൂപങ്ങൾ പരിചയപ്പെടുന്നതിന് | • കലക്കൂട്ട് [വിവിധ തരം കലാരൂപങ്ങൾ പരിചയപ്പെടൽ]<br>• ICT വിവിധ കലാരൂപങ്ങൾ. | വർഷത്തിൽ ഒന്ന്. | H.M.<br>SRG<br>ക്ലാസ് ടീച്ചർ |
| • വായനാ പരിപോഷിപ്പിക്കൽ | • പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>• വായനക്കളരി<br>• നാട്ടുവായന [പ്രാദേശിക എഴുത്തുകാരുമായി സംവദിക്കൽ | നവംബർ<br>ആഴ്ചയിൽ ഒന്ന്<br>സെപ്റ്റംബർ | SRG.<br>ക്ലബുകൾ<br>വായനശാല |

# ഗണിതം

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിതപഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം കുട്ടികൾക്ക് ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
* ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* യുക്തിചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • സംഖ്യകൾ തിരിച്ചറിയുന്നു എണ്ണുന്നു എഴുതുന്നു. | സംഖ്യാകാർഡ് നിർമ്മിക്കൽ | ജൂൺ | അധ്യാപിക, രക്ഷിതാവ് |
| | ഗണിതക്കിറ്റ് തയ്യാറാക്കുന്നു. | ജൂലൈ | അധ്യാപിക, രക്ഷിതാവ്, കുട്ടി |
| • 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു കൂടുതൽ, കുറവ് തിരിച്ചറിയുന്നു. | • വസ്തുക്കൾ, ചിത്രങ്ങൾ എണ്ണിയെടുക്കൽ എഴുതൽ<br>• കൂടുതലുള്ളവ, കുറവുള്ളവ ഗണിതക്കിറ്റ് ഉപയോഗിച്ച് പ്രവർത്തനം ചെയ്യുന്നു. | ആഗസ്റ്റ് | അധ്യാപിക, കുട്ടി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതകേളികളിൽ ഏർപ്പെടൽ | • സംഖ്യാഗാനങ്ങൾ അനുസ്മരിക്കൽ, ആലപിക്കൽ.<br>• വസ്തുക്കൾ, ചിത്രങ്ങൾ ഉപയോഗിച്ച് സങ്കലനം, വ്യവകലനം | സെപ്തംബർ | അധ്യാപിക, രക്ഷിതാവ്, കുട്ടി |
| ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ, വലിയസംഖ്യ ചെറിയ സംഖ്യ | ഉല്ലാസഗണിതം | ഒക്ടോബർ | അധ്യാപിക, കുട്ടി |
| • ആരോഹണം, അവരോഹണം.<br>• സംഖ്യകളെ വ്യാഖ്യാനിക്കുന്നു.<br>• ലളിതമായ ഗണിതകേളികളിൽ ഏർപ്പെടുന്നു. | ഗണിത ആൽബം തയ്യാറാക്കൽ<br>കടകളി (വിലവിവരം)<br>ഉല്ലാസഗണിതം | നവംബർ മുതൽ | അധ്യാപിക, രക്ഷിതാവ്, കുട്ടി |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| വിവിധതരം കളികൾ അനുകരണം ചെയ്യൽ നടപ്പാക്കൽ | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG, ക്ലാസ്ടീച്ചർ |
| മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം, വ്യവകലനം കച്ചവടക്കളി) | | | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിതശാസ്ത്രപഠനം രസകരമാക്കൽ - കരചലനശേഷി വികസനം | ഉചിത സമയം | ക്ലാസ് ടീച്ചർ |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം ഗണിതലാബ് | ഗണിതപഠനം സുതാര്യമാക്കൽ, ഗണിതലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ്ടീച്ചർ |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| ഗണിതച്ചുമർ ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ. | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിതപഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | | |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം, ഗണിതമേള, പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | ഗണിതശേഷികളുടെ വികസനം | വർഷത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ചതുരം, വൃത്തം, ത്രികോണം, സമചതുരം തുടങ്ങിയ ജ്യാമിതിയ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം, സമചതുരം എന്നിവ നിർമ്മിക്കുന്നു | ജൂൺ, ജൂലൈ | അധ്യാപകർ കുട്ടികൾ, CPTA |
| കുട്ടികളിൽ ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. ICT വിഭവങ്ങൾ ഉപയോഗിച്ച് | വർഷം മുഴുവൻ | അധ്യാപകർ, കുട്ടികൾ |

English is a global language. English is considered as a tough language by most of the learners. The main aim of this acadamic master plan is to make a clear and strategic path for the students to achieve English knowledge and accquire major skills in it and to use them without any problems. It ensures and makes activities which leads to a progressive path of teaching and learning.

L.P students activities focuses on the areas of listening, speaking, reading and writing. Considering these basic skills the main aim of G.L.P.S kattikkunnu is to make our learners to learn English as the most interesting and the superb language which may gave them the confidence to use English, achieve correct pronounciation and intonation, think and write in English and promote the capacity for concentration and attention

| Aim | Activities | Month | Support. |
|---|---|---|---|
| Enjoy English | .Participating in Games. .Enjoying riddles. .puzzles. .Reciting rhymes. | June | Teachers parents. |
| Learning English Alphabets. | .Simple words introduction using picture cards | June. | |
| Listening skills | Listens and responds to major commands. .what is your name? .where are you going?. .where is your book. .Good Morning | June | Teachers Parents. |

| | | | |
|---|---|---|---|
| Speaking Skills | · Conversations<br>· Simple stories<br>· Skit<br>Hello English Activities<br><br>· Talking Simple sentances and greetings, requests<br>· Good Morning<br>· Thank you<br>· May I go to toilet.<br>· Good evening.<br>· Good Night.<br>· May I drink some water.<br>· Hello<br>· How are you?<br>· what is your name. | July. | S·R·G<br><br>Teacher<br>parents |

| | | | |
|---|---|---|---|
| Reading Skills | · Reading simple words<br>· Reading simple sentances<br>· Find words from reading materials.<br>· Describing words from T.B activities<br>· News paper reading.<br>· Rhyming words.<br>· Library books<br>· Reading short stories, Description, Poem.<br>· Text book activities. | June · March | Teacher<br>Library<br>S·R·G |
| Writing Skills | · Make word web<br>· picture description<br>· word chain.<br>· conversation<br>· Riddles<br>· puzzles. | Acadamic Year | |

| | | | |
|---|---|---|---|
| | . Add more lines | | |
| Discources | . Notice Making<br>. Letter writing<br>. Conversation<br>. Riddles<br>. puzzles.<br>. Diary | September-March<br><br>october. | |
| Assembly Activities. | . presentation.<br>. Book review<br>. Quiz<br>. News reading. | June - March. | |

## ആമുഖം

പരിസരപഠനത്തിലൂടെ കുട്ടി തന്റെ അറിവുകൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പരിസ്ഥിതിയുമായി ചേർന്ന് നിന്നുകൊണ്ട് നേടിയെടുക്കുകയാണ് ചെയ്യുന്നത്. അതിന് വേണ്ടിയാണ് 3,4 ക്ലാസുകൾ മുതൽ തന്നെ പരിസരപഠനം ഒരു പ്രത്യേക വിഷയമായി തന്നെ കുട്ടികൾ പഠിച്ചു തുടങ്ങുന്നത്. 1,2 ക്ലാസുകളിൽ ഇത് ഒരു പ്രത്യേകവിഷയമല്ലെങ്കിൽ പോലും കുട്ടികൾ പലപരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും മറ്റും മലയാളം പാഠപുസ്തകത്തിലൂടെ പരിസ്ഥിതി പഠനം തന്നെ ആശയം ഉൾക്കൊണ്ട് മുന്നോട്ട് പോകുന്നു.

ദാഹം പാഠത്തിലൂടെയും കുട്ടികൾ ഒട്ടേറെ ധാരണകളാണ് നേടേണ്ടത് അതിന് ഒരു മാതൃക സഹായിയാണ് ആസൂത്രിത മാസ്റ്റർ പ്ലാൻ.

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| • പ്രകൃതി നടത്തം<br>• ലഘുപരീക്ഷണം<br>• പ്രകൃതി നടത്തം<br>• നിരീക്ഷണം<br>• പട്ടികപ്പെടുത്തൽ | • നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക<br>• ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം<br>• വിവിധ തരത്തിലുള്ള സസ്യങ്ങളെ തിരിച്ചറിയുക, പ്രയോജനം മനസ്സിലാക്കുക.<br>• ചെടിയുടെ വിവിധ ഭാഗങ്ങൾ അവയുടെ പ്രവർത്തനം എന്നിവ മനസ്സിലാക്കുക.<br>• ജീവികൾ അവയുടെ അനുകൂലനം ആവാസവ്യവസ്ഥ എന്നിവ കണ്ടെത്തുക<br>• പരിസ്ഥിതി സംരക്ഷണ മാർഗങ്ങൾ തിരിച്ചറിയാൻ പ്രേരിപ്പിക്കൽ<br>• ജീവികൾ എവിടെയെല്ലാം ജീവിക്കുന്നു എന്ന് കണ്ടെത്തുന്നു.<br>• അനുകൂലനം എന്താണെന്ന് തിരിച്ചറിയുക.. | ജൂൺ - ജൂലൈ | അധ്യാപകർ കുട്ടികൾ |
| • വിവരശേഖരണം<br>• ചർച്ച<br>• ICT<br>• വായനാസാമഗ്രികൾ | • നാം ജീവിക്കുന്ന പരിസരത്തെ സംബന്ധിച്ച ബോധ്യവും ധാരണയും രൂപപ്പെടുത്തുക.<br>• വിവിധതരം ജീവികൾ അവയുടെ ഭക്ഷണം, കൂട് നിർമ്മാണം, പ്രത്യേകതകൾ | ആഗസ്റ്റ് - സെപ്റ്റംബർ | P.T.A, അധ്യാപകർ SRG |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
| --- | --- | --- | --- |
| • നിരീക്ഷണം<br>• പോസ്റ്റർ തയ്യാറാക്കൽ<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം | [illegible] കണ്ടെത്തുക.<br>• ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനികളെ, വിവിധ സമരങ്ങൾ തിരിച്ചറിയുക.<br>• ദേശീയ മനോഭാവം വളർത്തിയെടുക്കുക.<br>• നമുക്ക് ചുറ്റുമുള്ള ജീവികളെ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചറിയുക, ഗുണങ്ങൾ കണ്ടെത്തുക, തരം തിരിക്കുക.<br>• പ്രകൃതി സംരക്ഷണം. | | |
| • പോസ്റ്ററുകൾ തയ്യാറാക്കൽ<br>• പരീക്ഷണങ്ങൾ, നിരീക്ഷണ പ്രവർത്തനം<br>• ഫ്ലാഗ് നിർമ്മാണം<br>• ദേശീയ പതാക വരയ്ക്കൽ<br>• ഭൂപടവായന<br>• ചിത്രവായനക്കുറിപ്പ്<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ | • വൃത്തി ശീലിക്കൽ<br>• ആഹാരവും ആരോഗ്യവും സംബന്ധിച്ച ധാരണകൾ രൂപീകരിക്കുക.<br>• സർഗ്ഗശേഷി വളർത്തൽ | സെപ്റ്റംബർ<br>ഒക്ടോബർ | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
| --- | --- | --- | --- |
| • ചോദ്യോത്തരപയറ്റ്<br>• [illegible]<br>• ചിത്രശേഖരണം.<br>• വ്യത്യസ്ത ജോലികൾ സർവേ<br>• അനുഭവം [illegible] | • നാം ജീവിക്കുന്ന ലോകത്തെ വിവിധതരം വീടുകളെക്കുറിച്ചുള്ള ധാരണ രൂപീകരിക്കുക.<br>• വ്യത്യസ്തതരം വീടുകളുടെ അനുഭവം [illegible] | നവംബർ<br>ഡിസംബർ<br>ജനുവരി | SRG. P.T.A<br>അധ്യാപകർ |
| പഠനോത്സവം | | ഫെബ്രുവരി<br>മാർച്ച് | SRG. P.T.A<br>M.P.T.A |

7